**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - അടൂർ നഗരസഭ - 'ഓപ്പറേഷൻ ടു ടയർ' - വിജിലൻസ് മിന്നൽ പരിശോധന - ജീവനക്കാർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

.=============================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം.3459/2014/തസ്വഭവ.          തീയതി, തിരുവനന്തപുരം, 24.12.2014

=============================================================

പരാമർശം:-

(1) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 01.08.2012 തീയതിയിലെ E2(SC5/2012/PTA)19556/2012 നമ്പർ കത്ത്.

2) 27.05.2013 തീയതിയിലെ 64486/ഇയു1/12/തസ്വഭവ. നമ്പർ കുറ്റാരോപണ മെമ്മോ.

3) കുറ്റാരോപണ മെമ്മോയ്ക്കുള്ള ശ്രീ. എ.എസ്. സുഭഗന്റെ പ്രതിവാദ പത്രിക.

4) കുറ്റാരോപണ മെമ്മോയ്ക്കുള്ള ശ്രീമതി പി. സജനികുമാരിയുടെ പ്രതിവാദ പത്രിക.

5) ശ്രീ.കെ. അഴകേശന്റെ കുറ്റാരോപണ മെമ്മോയ്ക്കുള്ള 17.08.2013 തീയതിയിലെ പ്രതിവാദ പത്രിക.

6) ശ്രീമതി. പി.എസ്. ഗിരിജ കുറ്റാരോപണ മെമ്മോയ്ക്ക് സമർപ്പിച്ച
പ്രതിവാദ പത്രിക.

7) കുറ്റാരോപണ മെമ്മോയ്ക്കുള്ള ശ്രീമതി. ബിന്ദു.പി. യുടെ പ്രതിവാദ പത്രിക.

8) ശ്രീമതി ലെനി വർഗ്ഗീസിന്റെ കുറ്റാരോപണ മെമ്മോയ്ക്കുള്ള 22.10.2013 തീയതിയിലെ പ്രതിവാദ പത്രിക.

9) കുറ്റാരോപണ മെമ്മോയ്ക്കുള്ള ശ്രീമതി. രാജമ്മയുടെ 23.07.2014 തീയതിയിലെ പ്രതിവാദ പത്രിക.

10) ശ്രീ. കെ. ആർ. സുരേന്ദ്രൻ കുറ്റാരോപണ മെമ്മോയ്ക്ക് സമർപ്പിച്ച 19.07.2013 തീയതിയിലെ പ്രതിവാദ പത്രിക.

11) കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീമതി. സീന. ബി. സമർപ്പിച്ച 08.10.2013 തീയതിയിലെ പ്രതിവാദ പത്രിക.

12) ശ്രീമതി. ഷൈനിമോൾ.ഒ. യുടെ കുറ്റാരോപണ മെമ്മോയ്ക്കുള്ള 23.07.2014 തീയതിയിലെ പ്രതിവാദ പത്രിക.

13) കുറ്റാരോപണ മെമ്മോയ്ക്കുള്ള ശ്രീ. ശശിധരൻ പ്രദീപിന്റെ 24.07.2013 തീയതിയിലെ പ്രതിവാദ പത്രിക.

14) ശ്രീമതി.മായാറാണിയുടെ കുറ്റാരോപണ മെമ്മോയ്ക്കുള്ള 22.07.2013 തീയതിയിലെ പ്രതിവാദ പത്രിക.

15) കുറ്റാരോപണ മെമ്മോയ്ക്കുള്ള ശ്രീമതി ഷമീന.ബി. യുടെ പ്രതിവാദ പത്രിക.

16) കുറ്റാരോപണ മെമ്മോയ്ക്കുള്ള ശ്രീ. ആസാദ്. എസ്.ന്റെ 23.04.2013 തീയതിയിലെ പ്രതിവാദ പത്രിക.

17) ശ്രീ. കെ. സുരേന്ദ്രൻ നായരുടെ കുറ്റാരോപണ മെമ്മോയ്ക്കുള്ള 23.07.2013 തീയതിയിലെ പ്രതിവാദ പത്രിക.

18) ശ്രീ.എസ്. ദിലീപിന്റെ കുറ്റാരോപണ മെമ്മോയ്ക്കുള്ള 23.07.2013 തീയതിയിലെ പ്രതിവാദ പത്രിക.

19) നഗരകാര്യ ഡയറക്ടറുടെ 06.01.2014 തീയതിയിലെ വി1-11296/2013 നമ്പർ കത്ത്.

## ഉത്തരവ്

'ഓപ്പറേഷൻ ടു ടയർ' എന്ന പേരിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ സംസ്ഥാന വ്യാപകമായി നടത്തിയ വിജിലൻസ് മിന്നൽ പരിശോധകളുടെ ഭാഗമായി ബ്യൂറോയുടെ പത്തനംതിട്ട യൂണിറ്റ് അടൂർ നഗരസഭയിൽ 27.2.2012 തീയതിയിൽ നടത്തിയ മിന്നൽ പരിശോധനയിൽ നഗരസഭാ സെക്രട്ടറി ടിയാന്റെ കൈവശമുള്ള പണം സംബന്ധിച്ച വിശദാംശങ്ങൾ പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ എഴുതിയില്ലെന്നും, നഗരസഭയിൽ കാഷ്വൽ ലീവ് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചില്ലെന്നും നഗസഭയുടെ ജനറൽ സെക്ഷൻ, എഞ്ചിനീയറിംഗ് സെക്ഷൻ എന്നിവിടങ്ങളിൽ പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ സൂക്ഷിച്ചില്ലെന്നും കണ്ടെത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. ആയതിൽ പരാമർശിച്ചിട്ടുള്ള വിവിധ ക്രമക്കേടുകൾക്ക് നഗരസഭാ സെക്രട്ടറി ശ്രീ.എ.എസ്. സുഭഗൻ, സൂപ്രണ്ട് ശ്രീമതി. സജിനി കുമാരി, യു.ഡി. ക്ലാർക്കുമാരായ ശ്രീ.കെ. അശോകൻ, ശ്രീമതി. പി.എസ്. ഗിരിജ, ഓഫീസ് അറ്റൻഡന്റ്, ശ്രീമതി. ബിന്ദു.പി, ഫുഡ് ഇൻസ്പെക്ടർ, ശ്രീമതി. ലെനി വർഗ്ഗീസ്, ഡ്രൈവർ ശ്രീ. സേതുനാഥ്, എൽ.ഡി. ക്ലാർക്കുമാരായ ശ്രീമതി. കെ. രാജമ്മ, ശ്രീ. കെ. ആർ. സുരേന്ദ്രൻ, ശ്രീമതി. ബി.സീന, ശ്രീമതി. ഒ. ഷൈനിമോൾ, ശ്രീ. ശശിധരൻ പ്രദീപ്, ശ്രീമതി. മായാറാണി, ശ്രീമതി. ഷമീനാ. ബി, ഐ.ഇ.ഒ.., ശ്രീ. എസ്. അസാദ്, ലൈബ്രേറിയൻ, ശ്രീ.കെ. സുരേന്ദ്രൻ നായർ, ഓഫീസ് അറ്റന്റൻഡ്, ശ്രീ.എസ്. ദിലീപ് എന്നിവർക്ക് പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ നൽകിയിരുന്നു.

കുറ്റാരോപിതരിൽ ഡ്രൈവർ ശ്രീ. സേതുനാഥ് ഒഴികെ [ടിയാൻ മരണപ്പെട്ടു.] മറ്റെല്ലാവരും തന്നെ കുറ്റാരോപണ മെമ്മോയ്ക്ക് 3 മുതൽ 18 വരെ പരാമർശ പ്രകാരം പ്രതിവാദ പത്രികകൾ സമർപ്പിച്ചിരുന്നു. ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിന്റെ അഭാവത്തിൽ അവ എഴുതി സൂക്ഷിക്കാതിരുന്നിട്ടുള്ളതിനാലും കാഷ്വൽ ലീവ് രജിസ്റ്റർ യഥാവിധി രേഖപ്പെടുത്താതെ പോയതു കൊണ്ടുമുണ്ടായിട്ടുള്ള അപാകത പരിഹരിച്ചു എന്നും ആയതിന് വേണ്ടതായ കർശന നിർദ്ദേശം എല്ലാ ജീവനക്കാർക്കും നൽകിയിരുന്നതും അതനുസരിച്ച് ഇപ്പോഴും പ്രവർത്തിച്ചു വരുന്നതിനാലും ടി ജീവനക്കാർക്ക് മാപ്പ് നൽകി ശിക്ഷാനടപടികളിൽ നിന്നും ഒഴിവാക്കണമെന്നും, അടൂർ മുനിസിപ്പൽ ഓഫീസിൽ നിലനിന്നിരുന്ന പ്രത്യേക പ്രതികൂല പരിസ്ഥിതികളും അവയുടെ പരിഹാരത്തിനായി അധികാരങ്ങൾ വീതിച്ചു നൽകിയിരുന്നതു സംബന്ധിച്ചും പുലർത്തേണ്ടിവന്ന സവിശേഷ ശ്രദ്ധ സംബന്ധിച്ചും അത്തരമൊരു പ്രത്യേക സാഹചര്യത്തിൽ മനഃപൂർവ്വമല്ലാതെ സംഭവിച്ചു പോയ പിഴവുകൾ ശ്രദ്ധയിൽപ്പെട്ട ഉടനെ തന്നെ അവ പരിഹരിച്ചു പോന്നിട്ടുള്ള വിവരം അടൂർ നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുള്ളതിനാലും പ്രതിവാദ പത്രിക പരിശോധിച്ചതിൽ അറിവില്ലായ്മകൊണ്ടും മറ്റുമാണ് പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ സൂക്ഷിക്കാതിരുന്നതും അവധി അപേക്ഷ നൽകാതിരുന്നതും എന്നും, ടി കാര്യങ്ങൾ ആവർത്തിക്കില്ല എന്നും, ഈ വീഴ്ച മാപ്പാക്കണമെന്നും കുറ്റാരോപിതരായ ജീവനക്കാർ അപേക്ഷിച്ചിട്ടുള്ള സാഹചര്യത്തിൽ മേലിൽ ആവർത്തിക്കില്ല എന്ന് കർശന താക്കീത് നൽകി നടപടി അവസാനിപ്പിക്കാവുന്ന കാര്യം പരിഗണിക്കാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം (19) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിജിലൻസ് മിന്നൽ പരിശോധനയിൽ കണ്ടെത്തിയിട്ടുള്ള കാര്യങ്ങൾ ഓഫീസ് പ്രവർത്തനവുമായി

ബന്ധപ്പെട്ട് എല്ലാ നഗരസഭകളിലും പൊതുവായി കാണുന്നതും ഗൗരവമേറിയതുമല്ലാത്തതുമാണ്. വീഴ്ചകൾ മാപ്പാക്കണമെന്ന് കുറ്റാരോപിതർ അപേക്ഷിച്ചിട്ടുള്ളതിനാലും പരിശോധനയിൽ കണ്ടെത്തിയ വീഴ്ചകൾ എല്ലാം തന്നെ പരിഹരിച്ചിട്ടുണ്ടെന്ന് നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുമുള്ള സാഹചര്യത്തിൽ ഈ വിഷയത്തിൽ കുറ്റാരോപിതനായിരുന്ന ശ്രീ. സേതുനാഥ് മരണപ്പെട്ടിട്ടുള്ളതിനാൽ ടിയാൻ ഒഴികെ മറ്റുള്ള ജീവനക്കാർക്കെതിരായ അച്ചടക്ക നടപടി വീഴ്ചകൾ ഭാവിയിൽ ആവർത്തിക്കരുതെന്ന് 'താക്കീത്' നൽകിയും തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**എസ്. വേണുഗോപാലൻ നായർ,**
**ഡെപ്യൂട്ടി സെക്രട്ടറി.**

അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), തൃശൂർ ബ്രാഞ്ച്.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, അടൂർ നഗരസഭ.
ശ്രീ. എ.എസ്. സുഭഗൻ, സെക്രട്ടറി,ചെങ്ങന്നൂർ നഗരസഭ.

ശ്രീമതി. സുജനി കുമാരി, സൂപ്രണ്ട്.
ശ്രീ. കെ. അഴകേശൻ, യു.ഡി.ക്ലാർക്ക്.
ശ്രീ. പി.എസ്. ഗിരിജ, യു.ഡി.ക്ലാർക്ക്.
ശ്രീമതി. ലെനി വർഗ്ഗീസ്, ഫുഡ് ഇൻസ്പെക്ടർ.
ശ്രീമതി. കെ. രാജമ്മ, എൽ.ഡി. ക്ലാർക്ക്
ശ്രീ.കെ.ആർ. സുരേന്ദ്രൻ, എൽ.ഡി. ക്ലാർക്ക്
ശ്രീമതി. ബി.സീന, എൽ.ഡി. ക്ലാർക്ക്
ശ്രീമതി. ഒ. ഷൈനിമോൾ, എൽ.ഡി. ക്ലാർക്ക്
ശ്രീ. ശശിധരൻ പ്രദീപ്, എൽ.ഡി. ക്ലാർക്ക്
ശ്രീമതി. മായാറാണി, എൽ.ഡി. ക്ലാർക്ക്
ശ്രീമതി. ഷമീന.ബി , എൽ.ഡി. ക്ലാർക്ക്
ശ്രീ. എസ്. അഷാദ്, ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ
ശ്രീ. കെ. സുരേന്ദ്രൻ നായർ, ലൈബ്രേറിയൻ
ശ്രീ.എസ്. ദിലീപ്, ഓഫീസ് അറ്റൻഡന്റ്

} നഗരകാര്യ ഡയറക്ടർ മുഖേന

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**